കെഎസ്എ-കെടിഎം.പി-5/1797/16 തീയതി:15.12.16

# കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 05.05.2016 മുതൽ 31.10.2016 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. ഓഡിറ്റ് വേളയിൽ 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 20എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ 16.11.2016 ലെ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീമതി.എം.വി.സിനി , ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 08.11.2016 മുതൽ 16.11.2016 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ശ്രീ.സാബു സി ജോർജ്ജ് | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ) |
| | ശ്രീമതി ദർശന വി. | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| | ശ്രീ.യോഗേഷ്.ആർ | ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.വിനോദ് ശങ്കർ | 01.04.2015 മുതൽ 31.10.2015 വരെ |
| | അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി | 01.11.2015മുതൽ 11.11.2015 വരെ |

| | | |
|---|---|---|
| | ശ്രീമതി.ഷൈനി കുന്നിനിയിൽ | 12.11.2015 മുതൽ 31.03.2016 വരെ |
| സെക്രട്ടറി | ശ്രീമതി കെ.കെ.ശോഭനകുമാരി | 01.04.2015 മുതൽ 30.11.2015 വരെ |
| | ശ്രീമതി.ഷോളി ഫിലിപ്പ് (ഇൻ ചാർജ്ജ് ) | 01.12.2015 മുതൽ 08.02.2016 വരെ |
| | ശ്രീ.എസ്.രാജഗോപാൽ | 09.02.2016 മുതൽ 31.03.2016 വരെ |
| മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ | | |
| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
| അസി.സെക്രട്ടറി | ശ്രീമതി ഷോളി ഫിലിപ്പ് | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, പി.എച്ച് സി | ഡോ.വിദ്യ.എൽ | 01.04.2015 മുതൽ 31.03.2016 വരെ |
| മെഡിക്കൽ ഓഫീസർ, ആയുർവേദം. | ഡോ.ബേനസീർ കെ.ഐ | 01.04.2015 മുതൽ 31.03.2016 വരെ |
| ഹെഡ് മിസ്ട്രസ് | ശ്രീമതി.ജാസ്മിൻ | 01.04.2015 മുതൽ 31.03.2016 വരെ |
| ഐ.സി.ഡി.എ.സ് സൂപ്പർവൈസർ | ശ്രീമതി.ദീപ്തി. വി | 01.04.2015 മുതൽ 31.03.2016 വരെ |
| കൃഷി ആഫീസർ | ശ്രീമതി.സ്നേഹലത മാത്യു | 01.04.2015 മുതൽ 31.03.2016 വരെ |
| അസി.എൻജിനിയർ | ജയഭദ്രൻ .ആർ | 01.04.2015 മുതൽ 31.05.2015 വരെ വരെ |
| | ശ്രീ.ജയപ്രകാശ്.പി.എൻ | 01.06.2015 മുതൽ 06.01.2016 വരെ |
| | ശ്രീമതി.സന്ധ്യാ.വി.എസ് | 07.01.2016 മുതൽ 31.03.2016 വരെ |
| വെറ്ററിനറി സർജൻ | ഡോ.പ്രേമ സ്റ്റെല്ലാ ഭായി | 01.04.2015 മുതൽ 31.03.2016 വരെ |
| ഡയറി ഫാം ഇൻസ്ട്രക്ടർ | ശ്രീ.പ്രശാന്ത് തോമസ് | 01.04.2015 മുതൽ 31.03.2016 വരെ |
| വി.ഇ.ഒ | ശ്രീ.മുഹമ്മദ് ഷാഫി | 01.04.2015 മുതൽ 31.03.2016 വരെ |

<u>ഉള്ളടക്കം</u>


| ഖണ്ഡിക.നമ്പർ | വിഷയം |
|---|---|
| 1-1 | ബജറ്റ് |

| | |
|---|---|
| 1-2 | വാർഷിക ധനകാര്യപത്രിക |
| 1-3 | വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം |
| 1-4 | സാമ്പത്തിക വിശകലനം |
| 1-5 | ഫണ്ട് വിനിയോഗം |
| 1-6 | പദ്ധതി അവലോകനം |
| 1-7 | തനത് വരുമാനം |
| 1-8 | ക്ഷേമ പദ്ധതികൾ |
| 1-9 | ക്യാഷ് വെരിഫിക്കേഷൻ |
| 1-10 | ആഭ്യന്തരനിയന്ത്രണം |
| 1-11 | മറ്റ് ഓഡിററുകൾ നടത്തിയതിന്റെ വിവരം |
| ഭാഗം 2--വരവുകണക്കുകൾ | |
| 2-1 | വാർഷികകണക്കുകളുടെ അവലോകനം |
| 2-2-1 | കെട്ടിടങ്ങൾക്ക് അനർഹമായ വസ്തുനികുതിയിളവ് നൽകി |
| 2-2-2 | വസ്തുനികുതി പരിഷ്കരണം- ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാനവസ്തുനികുതി നിരക്കുകൾ പുനർനിർണയിക്കേണ്ടതാണ്. |
| 2-2-3 | പാരാമിലിട്ടറി വിഭാഗത്തിൽപ്പെട്ട സൈനികർക്ക് വസ്തുനികുതിയിളവ് നൽകി |
| 2-2-4 | അനധികൃതനിർമാണത്തിന് കെട്ടിടനമ്പർ നൽകി നികുതി ഈടാക്കി |
| 2-3-1 | ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-3-2 | സ്ഥാപനതൊഴിൽനികുതി ഈടാക്കിയിട്ടില്ല |
| 2-3-3 | ഗ്രാമപഞ്ചായത്തിലെ കരാർ ജീവനക്കാരുടെ തൊഴിൽനികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയീട്ടില്ല |
| 2-3-4 | ക്ഷീരോത്പാദകസഹകരണസംഘങ്ങളിൽ നിന്ന് തൊഴിൽനികുതി ഈടാക്കേണ്ടതാണ് |
| 2-4 | യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ഫീസ് ഈടാക്കിയിട്ടില്ല |
| 2-5-1 | മാവേലി സ്റ്റോറിന്റെ വാടക നിശ്ചയിച്ച് നാളിതുവരെ ഈടാക്കിയിട്ടില്ല |
| 2-5-2 | മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞുകിടക്കുന്നു. |
| 2-6 | തടി ലേലം ചെയ്യാൻ സാധിക്കാതെ നശിച്ചുപോകുന്നു. |
| 2-7 | കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത പ്രവൃത്തികളുടെ ഫലമായി നാശോന്മുഖമായ റോഡുകളുടെ പുനരുദ്ധാരണം- |

| | |
|---|---|
| | പുനരുദ്ധാരണചാർജ് ഈടാക്കിയില്ല |
| 2-8 | കേന്ദ്രസർക്കാരിന്റെ പ്ലാസ്റ്റിക്ക് വേസ്റ്റ് (മാനേജ്മെന്റ് & ഹാൻഡിലിങ് ) ചട്ടങ്ങൾ 2016 പ്രകാരം ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്. |
| ഭാഗം 3--ചെലവുകണക്കുകൾ | |
| 3-1 | സേവാഗ്രാം ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം- വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല |
| 3-2 | വാഹനത്തിന്റെ ഇന്ധനത്തിന് അധികം തുക ചെലവഴിച്ചു |
| 3-3 | വാഹനത്തിന്റെ അറ്റകുറ്റപ്പണിയുടെ ചെലവ്- സർക്കാർ നിർദേശം പാലിച്ചിട്ടില്ല |
| 3-4-1 | ഡെപ്പോസിറ്റ് പ്രവൃത്തികൾ- നിർവഹണഏജൻസികൾ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ തുക മുൻകൂർ ഈടാക്കുന്നു.- പ്രവൃത്തി നിർവഹണത്തിൽ കാലതാമസം |
| 3-4-2 | നിർബന്ധിത പ്രോജക്ടുകൾ/ ജി.ഒ. പ്രോജക്ടുകൾ പ്രകാരം തുക നിക്ഷേപിക്കുന്നത്- വിനിയോഗവിവരം ലഭ്യമല്ല |
| 3-5 | ദർഘാസ് പരസ്യങ്ങൾക്ക് പരസ്യങ്ങൾക്ക് അധികതുക ചെലവഴിച്ചു |
| 3-6 | എസ്.സി. കാർഷിക വിപണനകേന്ദ്രത്തിനുള്ള കെട്ടിടനിർമാണം- ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് കൂടാതെ എസ്.സി.പി. ഫണ്ട് ചെലവഴിച്ചു- 47.34 ലക്ഷം രൂപയുടെ എസ്.സി.പി. ഫണ്ട് മുടങ്ങിക്കിടക്കുന്നു. |
| 3-7 | സബ്സിഡി മാർഗരേഖ പ്രകാരമല്ലാതെ പ്രോജക്ട് നടപ്പാക്കി |
| 3-8 | ഭവനനിർമാണം പൂർത്തിയായിട്ടില്ല |
| 3-9 | ആശ്രയപദ്ധതി- തുക വിനിയോഗിച്ചിട്ടില്ല |
| 3-10 | എം.ജി.എൻ.ആർ.ഇ.ജി.എസ്. |
| ഭാഗം 4--പൊതുവിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | |
| 4.1 | സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം |
| 4.2 | ഡെപ്പോസിറ്റ് വർക്കിന് / സംയുക്ത പ്രോജക്ടുകൾക്ക്നൽകിയ തുകയുടെ വിവരങ്ങൾ |
| 4.3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് |
| 4.4 | വായ്പ/വായ്പ തിരിച്ചടവ് |
| 4.5 | സ്ഥിര നിക്ഷേപങ്ങൾ |
| 4.6 | ഓഡിറ്റ് റിക്കവറി |
| 4.7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം |

| | |
|---|---|
| 4.8 | ഓഡിറ്റ് പ്രത്യവലോകനം |
| 4-9 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ |
| അനുബന്ധം 1 | ഓഡിറ്റ് സാക്ഷ്യപത്രം |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2015-16 വർഷത്തെ ബജറ്റ് 23.03.2015തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബജറ്റ് പ്രകാരമുള്ള വരവ് -ചെലവ് കണക്കുകൾ ചുവടെ ചേർക്കും പ്രകാരമാണ്.

| ഇനം | പ്രതീക്ഷിച്ചത് | യഥാർത്ഥത്തിലുള്ളത് | വ്യത്യാസം | |
|---|---|---|---|---|
| | | | കൂടുതൽ | കുറവ് |
| മുന്നിരിപ്പ് | 24243581 | 10351315 | 13892266 | |
| വരവ് | 91869500 | 29698310 | 62171190 | |
| ആകെ | 116113081 | 40049636 | 76063445 | |
| ചെലവ് | 55523000 | 37736493 | 93259493 | |
| നീക്കിയിരിപ്പ് | 60590081 | 2313132 | 58276949 | |

യഥാർത്ഥത്തിലുള്ള വരവ് ചെലവ് കണക്കുകളോട് വലിയ അന്തരമില്ലാതെ ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2016 | 25.07.2016 | -------------- | --------------- |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

2015-16 വർഷത്തെ ഓഡിറ്റിന്റെ ഭാഗമായി വാർഷികകണക്കുകൾ പരിശോധിച്ച് സർട്ടിഫിക്കറ്റ് റിപ്പോർട്ടിന്റെ അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്.

## 1-4 സാമ്പത്തിക വിശകലനം

മുന്നിരിപ്പ് – 10351315

വരവ് – 29698310

ആകെ – 40049625

ചെലവ് – 37736493

നീക്കിയിരിപ്പ്- 2313132

## 1-5 ഫണ്ട് വിനിയോഗം

2015-16 സാമ്പത്തികവർഷം സർക്കാരിൽ നിന്നുള്ള വിവിധങ്ങളായ ഫണ്ട് അനുവദിച്ചതിലും വിനിയോഗിച്ചതിലും നിലനിന്നിരുന്ന സവിശേഷമായ സാഹചര്യം പരിഗണിച്ച് അതായത് ഭാഗികമായി പബ്ലിക്ക് അക്കൗണ്ടിലൂടെയും ഭാഗികമായി കൺസോളിഡേറ്റഡ് ഫണ്ടിലൂടെയും സാമ്പത്തികവിനിമയം നടന്നതിനാൽ വാർഷികധനകാര്യപത്രിക പ്രകാരമുള്ള ഫണ്ട് വിനിയോഗവിവരങ്ങളും അതാത് ഫണ്ടുകളുടെ അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരമുള്ള ഫണ്ട് വിനിയോഗവിവരങ്ങളും യഥാക്രമം ഉപഖണ്ഡിക (എ) (ബി) എന്നിവ പ്രകാരം ചുവടെ ചേർക്കുന്നു.

എ) വാർഷികധനകാര്യപത്രിക പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | ട്രാൻസ്ഫർ ക്രഡിറ്റ് | നീക്കിയിരിപ്പ് (ആർ.പി.40(ബി) ) |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 934587 | 3148757 | 6992289 | 6992289 | +2908945 | 0 |
| വികസനഫണ്ട് എസ്.സി.പി. | 1188399 | 1996954 | 2542526 | 2542526 | -642827 | 0 |
| വികസനഫണ്ട് ടി.എസ്.പി. | 50140 | 291780 | 291780 | 291780 | -50140 | 0 |
| സംരക്ഷണഗ്രാന്റ് റോഡ് | 1634423 | 6904619 | 8539042 | 8542231 | - | 0 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 303189 | 1671113 | 1974302 | 1971113 | - | 0 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 685583 | 4178229 | 3300432 | 3300432 | -1563380 | 0 |
| ഡബ്ല്യൂ. ബി. | 2276428 | 650997 | 2274827 | 2274827 | -652598 | 0 |

മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് വിഹിതത്തിൽ നിന്ന് 3189 റോഡ് വിഹിതത്തിലേക്ക് അഡ്ജസ്റ്റ് ചെയ്തിട്ടുണ്ട്.

ബി) അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ പ്രകാരം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ വരവ് | ആകെ | ചെലവ് | സഞ്ചിത നിധിയിലേക്ക് തിരികെ എടുത്തത് | ചെലവ് ശതമാനം |
|---|---|---|---|---|---|---|
| വികസനഫണ്ട് പൊതുവിഭാഗം | 934587 | 9260031 | 10194618 | 6992289 | 3202329 | 68.58 |
| വികസനഫണ്ട് എസ്.സി.പി. | 1188399 | 4906000 | 6094399 | 2542526 | 3551873 | 41.71 |
| വികസനഫണ്ട് ടി.എസ്.പി. | 50140 | 29900 | 349140 | 291780 | 57360 | 83.57 |

| | | | | | | |
|---|---|---|---|---|---|---|
| സംരക്ഷണഗ്രാന്റ് റോഡ് | 1634423 | 6979000 | 8613423 | 8542231 | 71192 | 99.17 |
| സംരക്ഷണഗ്രാന്റ് നോൺറോഡ് | 303189 | 2320000 | 2623189 | 1971113 | 652076 | 75.14 |
| 13-ാം ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 685583 | 2614850 | 3300433 | 3300432 | 1 | 99.99 |
| പെർഫോമൻസ് ഗ്രാന്റ് | 2276428 | 0 | 2276428 | 2274827 | 1601 | 99.92 |
| എം.എൻ.ആർ.ഇ.ജി.എസ്. | 54106 | 6549777 | 6603883 | 6602441 | 1442 | 99.97 |
| ബി ഫണ്ട് | 28920 | 13464819 | 13493739 | 13493739 | 0 | 100 |
| സംയോജിത പ്രോജക്ടുകൾക്കുള്ള ജില്ലാപഞ്ചായത്ത് വിഹിതം | 1000000 | 0 | 1000000 | 1000000 | 0 | 68.58 |

## 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 159 | 8613423 | 138 | 8542231 | 0 | 21 | 86.79 |

വാർഷിക പദ്ധതിയുടെ ആസൂത്രണ നിർവ്വഹണ നടപടികൾ വിശകലനം ചെയ്തതിൽ ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ട പ്രധാന അപാകതകൾ, നേട്ടങ്ങൾ, ഓഡിറ്റ് നിർദ്ദേശങ്ങൾ എന്നിവ ചുവടെ ചേർക്കുന്നു.

1-മുൻവാർഷിക പദ്ധതി നടത്തിപ്പിന്റെ ഫലമായുള്ള നേട്ടങ്ങൾ കോട്ടങ്ങൾ എന്നിവ ശരിയായ വിധം വിലയിരുത്തി ഗ്രാമ സഭാനിർദ്ദേശങ്ങൾ കൂടി കണക്കിലെടുത്ത് സമഗ്രമായ പ്രോജക്ട് നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് വികസന സെമിനാർ മുമ്പാകെ സമർപ്പിക്കുന്നതിൽ വിവിധ പ്രവർത്തന കമ്മറ്റികൾ വേണ്ടത്ര വിജയിച്ചിട്ടില്ല. പ്രവർത്തന കമ്മറ്റികൾ സജീവമല്ല എന്ന് ഇവയുടെ മിനിറ്റ്സ് ബുക്കുകൾ പരിശോധിച്ചതിൽ വ്യക്തമായിട്ടുണ്ട്.

2-വാർഷിക പദ്ധതിയിൽ ഉൽപ്പാദനമേഖല അവഗണിക്കപ്പെട്ടതായി കാണുന്നു.കൃഷി മേഖലയിൽ കേവലം രണ്ട് പ്രോജക്ടുകൾ മാത്രമാണ് ഏറ്റെടുത്തത്.(30950/രൂ വകയിരുത്തിയതിൽ 27150/രൂ ചെലവഴിച്ചു.)

3-സമ്പൂർണ്ണ പുനരധിവാസ പദ്ധതി പ്രകാരം ആദ്യ ഘട്ടമായി സ്ഥലം വാങ്ങുന്നതിന് ചില ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയിട്ടുണ്ടെങ്കിലും പ്രസ്തുത ഗുണഭോക്താക്കൾ സ്വന്തം നിലയിലോ മറ്റ് ഏജൻസികളിൽ നിന്നും ധനസഹായം സ്വരൂപിച്ചോ ഭവന നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഉറപ്പ് വരുത്തിയിട്ടില്ല.ഭവന നിർമ്മാണം പൂർത്തീകരിച്ചാൽ മാത്രമെ പുനരധിവാസം പൂർണ്ണമാകൂ എന്നതിനാൽ ഇക്കാര്യം ഉറപ്പ് വരുത്തേണ്ടതാണ്.

4-എസ്.സി കാർഷിക വിപണനകേന്ദ്രം എന്ന പേരിൽ ഏറ്റെടുത്ത ബഹുവർഷ കെട്ടിട നിർമ്മാണ

പ്രോജക്ട് പ്രകാരം 2012-13 മുതൽ 2015-16 വരെയുള്ള വർഷങ്ങളിലായി 4734898/രൂ ചെലവഴിച്ചിട്ടുണ്ട്. (ജില്ലാപഞ്ചായത്ത് വിഹിതമായ 10 ലക്ഷം രൂപ ഉൾപ്പടെ).എന്നാൽ നിയമാനുസൃതം ലഭിക്കേണ്ട ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് കൂടാതെയാണ് എസ്.സി.പി ഫണ്ട് ചെലവഴിച്ചത്. ഇപ്രകാരം ക്രമവിരുദ്ധമായി എസ്.സി.പി ഫണ്ട് ചെലവഴിച്ചുവെന്ന് മാത്രമല്ല കെട്ടിട നിർമ്മാണം സംബന്ധിച്ച് നിലവിൽ കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ കെട്ടിടം ഉപയോഗക്ഷമമാക്കുന്നതിനോ പട്ടിക ജാതി വിഭാഗത്തിൽപ്പെട്ടവർക്ക് പ്രത്യക്ഷമായി പ്രയോജനം ലഭിക്കുന്ന വിധം ഉപയോഗപ്പെടുത്തുന്നതിനോ സാധിച്ചിട്ടില്ല. ഇത്രയധികം എസ്.സി.പി ഫണ്ട് ചെലവഴിച്ച പദ്ധതി മുടങ്ങി കിടക്കുന്ന സ്ഥിതി പദ്ധതി നടത്തിപ്പിലെ ഗുരുതരമായ പാളിച്ച വ്യക്തമാക്കുന്നു.

5-തൻവർഷം ഏറ്റെടുത്ത ബഹുഭൂരിപക്ഷം മരാമത്ത് പ്രവൃത്തികളും റോഡുകളും ഇടവഴികളും കോൺക്രീറ്റിങ്ങ് ചെയ്യുന്നതിനുള്ള വേലകളായിരുന്നു.അടിവശത്ത് 1:4:8 എന്ന അനുപാതത്തിൽ 10 സെ.മി കനത്തിലും ഇതിന് മുകളിൽ 1:2:4 എന്ന അനുപാതത്തിൽ 5 സെ.മി കനത്തിലും സിമന്റ് കോൺക്രീറ്റിങ്ങ് നടത്തിയ പ്രവൃത്തികൾക്കായി കൂടിയ സ്പെസിഫിക്കേഷനിലുള്ള ഡെൽഹി ഷെഡ്യൂൾ റേറ്റ് പ്രകാരം എസ്റ്റിമേറ്റ് തയ്യാറാക്കി കരാറുകാർക്ക് പ്രതിഫലം നൽകിയിട്ടുള്ളതിനാൽ ശരാശരി 35 മീറ്റർ നീളത്തിലും ശരാശരി 3 മീറ്റർ വീതിയിലുമുള്ള കോൺക്രീറ്റ് വർക്കുകൾക്ക് ഏകദേശം 100000/രൂപ ചെലവഴിക്കേണ്ടി വന്നിട്ടുണ്ട്.താരതമ്യേനെ ഉയർന്ന നിരക്ക് നൽകിയിട്ടുണ്ടെങ്കിലും (മുകൾഭാഗത്തുള്ള കോൺക്രീറ്റിങ്ങിന് കോഡ് നം.11.7 പ്രകാരം ഉപരിതലം ഫിനീഷിങ്ങിനുള്ള നിരക്ക് ഉൾപ്പടെ) നിർദ്ദിഷ്ട സ്പെസിഫിക്കേഷൻ പ്രകാരമുള്ള ഗുണനിലവാരവർദ്ധനവ് ഉണ്ടായിട്ടുണ്ടോയെന്ന് വ്യക്തമല്ല. ഇക്കാര്യത്തിൽ കൂടുതൽ സാങ്കേതിക പരിശോധന ആവശ്യമാണ്. മാത്രമല്ല ബിറ്റുമിൻ ഉപയോഗിച്ചുള്ള റോഡി വർക്കുകൾക്ക് ബിറ്റുമിന്റെ നിരക്ക് കമ്പോള നിരക്കിലും വലിയ രീതിയിൽ വർദ്ധനവ് ഉള്ള ഷെഡ്യൂൾ നിരക്ക് അടിസ്ഥാനമാക്കിയാണ് നിശ്ചയിച്ചത്. ബിറ്റുമിന്റെ കമ്പോള നിരക്ക് ഷെഡ്യൂൾ നിരക്കിലും കൂടിയിരുന്ന സന്ദർഭങ്ങളിൽ വില വ്യതിയാനം കൂടി കണക്കിലെടുത്താണ് മൂല്യം നിർണ്ണയിച്ചിരുന്നത്. ഇതേ തത്വം ഷെഡ്യൂൾ നിരക്ക് കമ്പോളനിരക്കിൽ കൂടിയപ്പോൾ പ്രാവർത്തികമാക്കാത്തതിന്റെ കാരണം വ്യക്തമല്ല. എതെങ്കിലും ഇനങ്ങളുടെ കമ്പോള നിരക്കും ഷെഡ്യൂൾ നിരക്കും തമ്മിൽ വലിയ വ്യതിയാനമുണ്ടാകുമ്പോൾ കമ്പോള നിരക്ക് അടിസ്ഥാനമാക്കി എസ്റ്റിമേറ്റ് നിരക്കിൽ ആവശ്യമായ മാറ്റം വരുത്തുന്നതിന് അതാത് പ്രവൃത്തിയുടെ സാങ്കേതികാനുമതി നൽകുന്ന അധികാര സ്ഥാനം ശ്രദ്ധിക്കണമെന്ന് ഡി.എസ്.ആർ പ്രാബല്യത്തിൽ വരുത്തിക്കൊണ്ടുള്ള നിർദ്ദേശങ്ങളുടെ ആമുഖത്തിൽ സൂചിപ്പിച്ചിട്ടുണ്ട്. എന്നാൽ ഇക്കാര്യം പരിഗണിക്കാതെ കൂടിയ നിരക്ക് നൽകുകയും അതേ സമയം പ്രവൃത്തികളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനുള്ള സ്പെസിഫിക്കേഷൻ പാലിച്ചിട്ടുണ്ടെന്ന് സാങ്കേതിക വിദഗ്ദ്ധർ ഉറപ്പ് വരുത്താതിരിക്കയും ചെയ്യുക വഴി മരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണത്തിൽ അപാകതയും അധികചെലവും ഉണ്ടായതായി ഓഡിറ്റ് വിലയിരുത്തുന്നു.

6-ഐ.സി.ഡി.എസ് സൂപ്പർവൈസർ ശാരീരിക വെല്ലുവിളി നേരിടുന്ന വ്യക്തികൾക്ക് വേണ്ടിയുള്ള ഏതാനും പ്രോജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ഇത്തരം പ്രോജക്ടുകളുടെ നിർവ്വഹണത്തിലൂടെ ശാരീരിക വെല്ലുവിളി നേരിടുന്ന വിഭാഗക്കാർക്ക് പ്രയോജനം ലഭിച്ചിട്ടുണ്ട്. എങ്കിലും ഗുണഭോക്താക്കളെ മെഡിക്കൽ ക്യാമ്പിലൂടെയല്ല തെരഞ്ഞെടുത്തിട്ടുള്ളത് എന്ന അപാകത നിലനിൽക്കുന്നു.പ്രോജക്ട് നമ്പർ s.052/16 പ്രകാരം കാഴ്ച്ച വൈകല്യമുള്ള ഒരു ഗുണഭോക്താവിനായി(ശ്രീമതി രാധാമണി ടി.ടി ) 45200/രൂ ചെലവഴിച്ച് കമ്പ്യൂട്ടറും അനുബന്ധ ഉപകരണങ്ങളും വാങ്ങി നൽകിയിട്ടുണ്ട്. എന്നാൽ കാഴ്ച്ച വൈകല്യമുള്ളവർക്ക് ഉപയോഗിക്കാൻ കഴിയുന്ന വിധമുള്ള ഉപകരണങ്ങളും സോഫ്റ്റ്‌വെയറുകളും സജ്ജീകരിച്ചിട്ടുള്ളതായി കാണുന്നില്ല.

7-പ്രോജക്ട് ഫയലുകളോടൊപ്പം നിർദ്ദിഷ്ട മാതൃകയിലുള്ള പ്രോജക്ട് പൂർത്തീകരണ പത്രവും

മോണിറ്ററിങ്ങ് റിപ്പോർട്ടും സൂക്ഷിച്ചിട്ടില്ല.ആയതിനാൽ ഓരോ പ്രോജക്ട് നിർവ്വഹണത്തിലൂടേയും കൈവരിക്കാൻ സാധിച്ച യൂണിറ്റ്/ആസ്തി അടിസ്ഥാനത്തിലുള്ള ഭൗതീക നേട്ടവും ഫലപ്രാപ്തിയും രേഖാപരമായി പരിശോധിക്കാൻ സാധിച്ചിട്ടില്ല.പ്രസ്തുത രേഖകൾ അതാത് പ്രോജക്ട് ഫയലുകളിൽ സൂക്ഷിക്കുന്നതിനും മോണിറ്ററിങ്ങ് സംവിധാനം ശക്തിപ്പെടുത്തുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-7 തനത് വരുമാനം

ഓഡിറ്റിന് സമർപ്പിച്ച വാർഷികധനകാര്യപത്രിക പ്രകാരം മുൻവർഷത്തേക്കാൾ സ്ഥാപനത്തിന് ഈ സാമ്പത്തികവർഷത്തിൽ തനതു വരുമാനത്തിൽ താഴെ പറയും പ്രകാരമുള്ള വർദ്ധനവ് ഉണ്ടായിട്ടുണ്ട്. (എന്നാൽ രജിസ്റ്ററുകളുടെ സൂക്ഷിപ്പിലെ ന്യൂനതമൂലം ഇക്കാര്യം ഓഡിറ്റിൽ പൂർണമായി ഉറപ്പുവരുത്താൻ സാധിച്ചിട്ടില്ല.)

| ഇനം | മുൻവർഷം | തൻവർഷം | വ്യത്യാസം | ശതമാനം (+)/(-) |
|---|---|---|---|---|
| നികുതി വരവുകൾ | 2637855 | 1830522 | 807333 | 38% കുറവ് |
| നികുതിയേതര വരവുകൾ | 472251 | 718741 | 246490 | +52% |
| മറ്റുവരവുകൾ | 13287 | 22012 | 8725 | 65 |
| ആകെ | 3123393 | 2571275 | 552118 | 17.6% കുറവ് |

## 1-8 ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 65400 | 40 |
| കർഷകതൊഴിലാളി പെൻഷൻ | 1155600 | 132 |
| വിധവാപെൻഷൻ | 4205600 | 471 |
| വാർദ്ധക്യകാലപെൻഷൻ | 6442800 | 1089 |
| വികലാംഗപെൻഷൻ | 1426800 | 162 |
| 50 വയസ് കഴിഞ്ഞ അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 155120 | 14 |

## 1-9 ക്യാഷ് വെരിഫിക്കേഷൻ

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 14.11.2016 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 2676 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു. ഇംപ്രസ്റ്റ് തുകയായ 200 രൂപയുടെ നീക്കിയിരിപ്പ് ബോധ്യപ്പെട്ടു. എന്നാൽ ഇത് സംബന്ധിച്ചുള്ള രജിസ്റ്റർ പരിശോധനയ്ക്കായി ഹാജരാക്കിയില്ല.

## 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തരനിയന്ത്രണം കാര്യക്ഷമമല്ല. 2.8.14 ൽ പുറമ്പോക്ക് പ്രദേശത്ത് വീണ കിടന്ന ആഞ്ഞിലി മരം നാളിതുവരെ ലേലം ചെയ്യാതെ നശിച്ചുകൊണ്ടിരിക്കുന്നു. തൊഴിൽനികുതി, ഡി&ഒ ലൈസൻസ് എന്നിവ പൂർണമായും പിരിച്ചെടുക്കുന്നതിൽ വീഴ്ച വന്നിട്ടുണ്ട്. 2014-15 വർഷം 167 സ്ഥാപനങ്ങൾ ലൈസൻസ് എടുത്തപ്പോൾ 15-16 വർഷം ലൈസൻസ് എടുത്ത സ്ഥാപനങ്ങളുടെ എണ്ണം 153 ആയി കുറഞ്ഞു. ഡി&ഒ ലൈസൻസ് രജിസ്റ്ററിൽ അപേക്ഷ ലഭിച്ച തീയതി രേഖപ്പെടുത്തുന്നില്ല. പെട്രോൾ പമ്പ്, ഗ്യാസ് ഏജൻസി, സർവീസ് സ്റ്റേഷൻ തുടങ്ങി താരതമ്യേന വിറ്റുവരവ് കൂടുതലുള്ള സ്ഥാപനങ്ങളിൽ നിന്ന് പരമാവധി ലൈസൻസ് ഫീസ് ഈടാക്കുന്നില്ല. വസ്തുനികുതിയിനത്തിൽ എട്ടു ലക്ഷത്തോളം രൂപ കുടിശികയുണ്ട്. മാവേലി സ്റ്റോറിന്റെ വാടക നാളിതുവരെ നിശ്ചയിച്ച് ഈടാക്കിയിട്ടില്ല. സ്റ്റോക്ക് രജിസ്റ്റർ, ബിൽ രജിസ്റ്റർ എന്നിവയുടെ സൂക്ഷിപ്പ് തൃപ്തികരമല്ല. ഫർണിച്ചറുകൾക്ക് സ്റ്റോക്ക് നമ്പർ നൽകിയിട്ടില്ല. ഫർണിച്ചറുകൾ, കംപ്യൂട്ടർ ഹാർഡ് വെയറുകൾ/ പ്രിന്ററുകൾ തുടങ്ങിയവയുടെ വിവരം സ്ഥിരമായി സൂക്ഷിക്കുന്ന പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകളിൽ രേഖപ്പെടുത്തിയിട്ടില്ല. കൂടാതെ ഗ്രാമപഞ്ചായത്തിൽ നിലവിൽ ഉപയോഗിച്ച് വരുന്ന സോഫ്റ്റ് വെയറുകളുടെ വിവരവും പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. വിവിധ വാർഷികപദ്ധതികളിലും മറ്റും ആനുകൂല്യം കൈപ്പറ്റിയ ഗുണഭോക്താക്കളുടെ വിവരം ഒരു ഡേറ്റാബേസ് എന്ന രീതിയിൽ ക്രോഡീകരിച്ച് സൂക്ഷിക്കേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 22.10.2016 | 09/2016 | ലഭിച്ചില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 02.03.2016 മുതൽ 17.03.2016 വരെ | 2010-11 മുതൽ 2014-15 വരെ | LBA(HQ)11/8A-2411/03 dtd.18.04.2016 |

# ഭാഗം-2

## വരവ് കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വാർഷികകണക്കുകളുടെ അവലോകനം

2015-16 വർഷത്തെ വാർഷിക ധനകാര്യപത്രിക പരിശോധിച്ചതിൽ താഴെ പറയുന്ന അപാകതകൾ കാണുന്നു

1. വാടകക്കാരിൽ നിന്നും പഞ്ചായത്തിന് ലഭ്യമായിട്ടുള്ള ഡെപ്പോസിറ്റ് തുകകൾ ശരിയായി അക്കൗണ്ട് ചെയ്തിട്ടില്ല.ഡെപ്പോസിറ്റ് ഇനത്തിൽ രജിസ്റ്റർ പ്രകാരമുള്ള തുകയും

വാർഷികകണക്കുകളുമായി വ്യത്യാസം കാണുന്നു.

2. Rent from Lease of lands ഇനത്തിൽ 2020 രൂപ RP 3ഷെഡ്യൂളിൽ തെറ്റായി അക്കൗണ്ട് ചെയ്തിരിക്കുന്നു.
3. സാക്ഷരത അക്കൗണ്ടിൽ ബാലൻസ് നിൽക്കുന്ന തുക B4 ,B17 ഷെഡ്യൂളുകളിൽ വ്യത്യാസപ്പെട്ടിരിക്കുന്നു.
4. വിവിധ വരവിനങ്ങളുടെ ഡി.സി.ബി.സ്റ്റേറ്റ്മെന്റുകൾ കൃത്യമായി തയ്യാറാക്കാത്തതിനാൽ ആയവ വാർഷിക കണക്കുകളുമായി പൊരുത്തപ്പെടുന്നുവെന്ന് പരിശോധനക്കുവാൻ സാധിച്ചില്ല.
5. 26.07.2011 ലെ ജി.ഒ.(എം.എസ്)152/11/ എൽ.എസ്.ജി.ഡി യിലെ നിർദ്ദേശങ്ങൾ പാലിച്ച് പഞ്ചായത്തിന്റെ ആസ്തികൾ അക്കൗണ്ടിംഗ് നടത്തിയിട്ടില്ല.
6. അഡ്വാൻസ് രജിസ്റ്റർ കൃത്യമായി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ വിവിധ ആവശ്യങ്ങൾക്കായി അഡ്വാൻസ് നൽകിയ തുകകളുടേയും ലഭ്യമായ തുകകളുടേയും വിശദാംശങ്ങൾ ധനകാര്യപത്രികയുമായി പൊരുത്തപ്പെടുന്നുണ്ടോയെന്ന് ഉറപ്പാക്കുവാൻ സാധിച്ചില്ല.

## 2-2-1 കെട്ടിടങ്ങൾക്ക് അനർഹമായ വസ്തുനികുതി ഇളവ് നൽകി

ഗ്രാമപഞ്ചായത്തിലെ വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട സഞ്ചയ റവന്യൂമൊഡ്യൂൾ- പ്രോപ്പർട്ടി ടാക്സ് പരിശോധിച്ചതിൽ, കേരള പഞ്ചായത്ത് രാജ് നിയമം സെക്ഷൻ -207 പ്രകാരം വസ്തുനികുതിയിൽ നിന്നും ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ ലിസ്റ്റ് ഉള്ളതായി കണ്ടു. എന്നാൽ നിയമപരമായി നികുതി ഒഴിവാക്കപ്പെടേണ്ട കെട്ടിടങ്ങൾക്ക് പുറമേ നികുതിയിളവിന് അർഹതയില്ലാത്ത കെട്ടിടങ്ങളും ഈ ലിസ്റ്റിൽ ഉൾപ്പെട്ടതായി കണ്ടു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | കെട്ടിട നമ്പർ | ഉടമയുടെ വിവരം | വിസ്തീർണ്ണം (ച.മീറ്ററിൽ) |
|---|---|---|---|
| 1 | I/345 | പ്രസിഡന്റ്, ഉദയാ യൂത്ത് ക്ലബ് | 100 |
| 2 | III/215 | ടാഗോർ മഹിളാസമാജം | 78 |
| 3 | VII/2 | ജില്ലാ പോലീസ് മോധീവി ,കോട്ടയം (പോലീസ് സ്റ്റേഷൻ) | 252 |
| 4 | VII/3 | തഹസീൽദാർ ,ചങ്ങനാശ്ശേരി (വില്ലേജ് ഓഫീസ്) | 66.52 |
| 5 | X/30 | മഹിളാസമാജം, ഏറത്തുവടകര | 36 |
| 6 | X/283 A | അസി.എഞ്ചിനിയർ,പ്രൊജക്ട് ഡിവിഷൻ,കേരള വാട്ടർ അതോറിറ്റി | 100 |
| 7 | XIII/148 A | കേരള വാട്ടർ അതോറിറ്റി | 100 |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 5)മറുപടിയായി പ്രസ്തുത കെട്ടിടങ്ങൾക്ക് നികുതി നിശ്ചയിച്ച് ഡിമാന്റ് നോട്ടീസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ മേൽ കെട്ടിടങ്ങൾക്ക് നികുതി ഡിമാന്റ് ചെയ്ത് ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-2-2 വസ്തുനികുതി പരിഷ്കരണം- ഭേദഗതി വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ പുനർനിർണ്ണയിക്കേണ്ടതാണ്

വസ്തുനികുതി പരിഷ്കരണം സംബന്ധിച്ച വിജ്ഞാപനത്തിന് 24.02.2015 ലെ സ.ഉ.(അച്ചടി)നം. 36/2015/തസ്വഭവ പ്രകാരം വരുത്തിയ ഭേദഗതിയിൽ താഴെ പറയുന്ന ഉപയോഗക്രമത്തിൽ ഉൾപ്പെട്ട കെട്ടിടങ്ങൾക്ക് ഒരു ച.മീറ്ററിന് ബാധകമായ കുറഞ്ഞതും കൂടിയതുമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

| ഉപയോഗക്രമം | കുറഞ്ഞനിരക്ക് | കൂടിയനിരക്ക് |
|---|---|---|
| സ്വകാര്യ ഹോസ്റ്റൽ, ഹോംസ്റ്റേ | 30 | 60 |
| വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതുമായ ആഡിറ്റോറിയം, കാന്റീൻ, വർക്ക് ഷോപ്പ് | 3 | 8 |
| മൈക്രോ സ്മാൾ ആന്റ് മീഡിയം എന്റർപ്രൈസസ് ഡെവലപ്പ്മെന്റ് ആക്ട്, 2006(2006 ലെ 7) പ്രകാരം രജിസ്റ്റർ ചെയ്ത വ്യവസായ യൂണിറ്റുകളുടെ കെട്ടിടങ്ങൾ | 15 | 25 |
| ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങൾ | 150 | 160 |

എന്നാൽ പഞ്ചായത്ത് ഭരണസമിതി മേൽ ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്ക് തീരുമാനിച്ച് വിജ്ഞാപനം ചെയ്തിട്ടില്ല.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.14) മറുപടിയായി പഞ്ചായത്ത് ഭരണ സമിതിയുടെ അടുത്ത യോഗത്തിൽ തന്നെ ടി വിജ്ഞാപന പ്രകാരമുള്ള ഉപയോഗക്രമത്തിൽപ്പെട്ട കെട്ടിടങ്ങൾക്ക് ബാധകമായ അടിസ്ഥാന വസ്തുനികുതി നിരക്കുകൾ തീരുമാനിച്ച് സഞ്ചയ സോഫ്റ്റ് വെയറിൽ ഉൾപ്പെടുത്തുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ഇത് പ്രകാരം നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2-3 പാരാമിലിട്ടറി വിഭാഗത്തിൽപ്പെട്ട സൈനികർക്ക് വസ്തുനികുതി ഇളവ് നൽകി

തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും പഞ്ചായത്ത് ഡയറക്ടർക്കയച്ച 4559/എൻ2/06/തസ്വഭവ, തീ.15 .07.06 നമ്പർ കത്ത് പ്രകാരം കര ,നാവിക,വ്യോമ വിഭാഗങ്ങളിൽ നിന്നും റിട്ടയർ ചെയ്തവരെയാണ് വിമുക്തഭടന്മാരെന്ന് വിവക്ഷിക്കുന്നതെന്നും വിമുക്തഭടന്മാർക്ക് അനുവദിച്ചിട്ടുള്ള വസ്തുനികതി ഇളവ് പാരാമിലിട്ടറി വിഭാഗങ്ങളിൽ നിന്നും വിരമിച്ചവർക്ക് ബാധകമല്ല എന്നും അറിയിച്ചിട്ടുണ്ട്.എന്നാൽ പരാമിലിട്ടറി വിഭാഗങ്ങളിൽ നിന്നും വിരമിച്ച താഴെ പറയുന്ന വ്യക്തികൾക്ക് 15-16 വർഷം ഗ്രാമപഞ്ചായത്തിൽ നിന്നും വസ്തുനികുതി ഇളവ് നൽകിയതായി കാണുന്നു.

| കെട്ടിട നം. | ഉടമസ്ഥന്റെ പേര്,വീട്ടുപേര് | വിഭാഗം |
|---|---|---|
| X/47 | ശ്രീ ഉണ്ണികൃഷ്ണൻ.റ്റി.സി. തെക്കേകരിങ്കുറ്റിയിൽ, | അസ്സാം |

| | | |
|---|---|---|
| | വെള്ളാവൂർ | റൈഫിൾസ് |
| VIII/354 | ശ്രീസുകുമാരൻ നായർ,<br>എം.ജി,പുത്തൻപുരക്കൽ,കടയനിക്കാട് | പാരാ റെജിമെന്റ് |
| XIII/417 | ശ്രീ.കെ.എ.വർഗ്ഗീസ്,കണിയാപുരയിടം | അസ്സാം റൈഫിൾസ് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.20) മറുപടിയായി പാരാമിലിട്ടറി വിഭാഗങ്ങളിൽ നിന്നും വിരമിച്ചവർക്ക് നൽകിയ വസ്തുനികുതി ഇളവ് റദ്ദ് ചെയ്ത് നികുതി ഈടാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. നടപടികൾ സ്വീകരിച്ച് വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-2-4 അനധികൃത നിർമ്മാണത്തിന് കെട്ടിട നമ്പർ നൽകി നികുതി ഈടാക്കി

ശ്രീ.സുരേഷ്.കെ.ജോർജ്ജ് ,കിഴക്കേമുറിയിൽ എന്ന് വ്യക്തി നിലവിലുണ്ടായിരുന്ന കെട്ടിടത്തോട് ചേർന്ന് ഗ്രാമപഞ്ചായത്തിൽ നിന്നും അനുമതി വാങ്ങാതെ അനധികൃതമായി നിർമ്മിച്ച മുറിക്ക് ഗ്രാമപഞ്ചായത്തിൽ നിന്നും VI/724 എന്ന നമ്പർ നൽകി നികുതി ഈടാക്കിയതായി കാണുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.19) മറുപടിയായി ടിയാളുടെ നിലവിലുള്ള കെട്ടിടത്തോട് ചേർന്നുള്ള 11 ച.മീറ്റർ വിസ്തീർണ്ണമുള്ള മുറിക്ക് 60 ച.മീറ്റർ എന്ന് തെറ്റായി നികുതി നിശ്ചയിച്ചത് പിന്നീട് റദ്ദ് ചെയ്തുവെന്ന് അറിയിച്ചിട്ടുണ്ട്. ഇത് സംബന്ധിച്ചുണ്ടായ പരാതി ധനകാര്യ സ്ഥിരം സമിതി അന്വേഷിക്കുകയും റിപ്പോർട്ട് ചെയ്തിട്ടുള്ളതുമാണ്. പ്രസ്തുത വ്യക്തി പുറമ്പോക്ക് സ്ഥലം കൈയ്യേറി കെട്ടനിർമ്മാണം നടത്തിയത് സംബന്ധിച്ച് കേസ് നിലവിലുള്ളതും ഫയലുകളെല്ലാം കോടതിയിൽ സമർപ്പിച്ചിട്ടുള്ളതുമാണ്.

## 2-3-1 ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കിയിട്ടില്ല

തൊഴിൽനികുതി സംബന്ധിച്ച രജിസ്റ്ററും രേഖകളും പരിശോധിച്ചതിൽ 2015-16 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും അവയോടൊപ്പം ചേർത്തിട്ടുള്ള അർദ്ധവർഷങ്ങളിലെ തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രമ നം. | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റ്, മണിമല | ഒന്ന്, രണ്ട് |
| 2 | കർദ്ദിനാൾ പടിയറ പബ്ളിക് സ്കൂൾ, മണിമല | ഒന്ന്, രണ്ട് |
| 3 | സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക്, കടയനിക്കാട് | ഒന്ന്, രണ്ട് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.1) മറുപടിയായി പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അടവ് വരുത്തുന്ന മുറക്ക് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിലെ ജീവനക്കാരുടെ തൊഴിൽനികുതി ഈടാക്കി

വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3-2 സ്ഥാപന തൊഴിൽനികുതി ഈടാക്കിയിട്ടില്ല

തൊഴിൽനികുതി സംബന്ധിച്ച രജിസ്റ്ററും രേഖകളും പരിശോധിച്ചതിൽ 2015-16 വർഷം താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും അവയോടൊപ്പം ചേർത്തിട്ടുള്ള അർദ്ധവർഷങ്ങളിലെ സ്ഥാപന തൊഴിൽനികുതി ഈടാക്കിയതായി കാണുന്നില്ല.

| ക്രം നം | സ്ഥാപനത്തിന്റെ പേര് | ഈടാക്കാത്ത അർദ്ധവർഷം |
|---|---|---|
| 1 | വെള്ളാവൂർ സർവീസ് സഹകരണ ബാങ്ക് നം.4300, കടയനിക്കാട് | ഒന്ന്, രണ്ട് |
| 2 | മാവേലി സ്റ്റോർ,മണിമല | ഒന്ന്, രണ്ട് |
| 3 | മാവേലി സ്റ്റോർ, വെള്ളാവൂർ | ഒന്ന്, രണ്ട് |
| 4 | കർദ്ദിനാൾ പടിയറ പബ്ളിക് സ്കൂൾ, മണിമല | ഒന്ന്, രണ്ട് |
| 5 | ബിവറേജസ് കോർപ്പറേഷൻ ഔട്ട് ലെറ്റ്, മണിമല | രണ്ട് |

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.2) മറുപടിയായി പ്രസ്തുത സ്ഥാപനങ്ങൾക്ക് നോട്ടീസ് നൽകിയിട്ടുണ്ടെന്നും അടവ് വരുത്തുന്ന മുറക്ക് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.ആയതിനാൽ പ്രസ്തുത സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3-3 ഗ്രാമപഞ്ചായത്തിലെ കരാർ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

ഗ്രാമപഞ്ചായത്തിൽ സേവനം അനുഷ്ടിക്കുന്ന താഴെ പറയുന്ന കരാർ ജീവനക്കാരുടെ തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല.

1. എം.ജി.എൻ.ആർ.ഇ.ജി.എസ്സ്- ഡേറ്റാ എൻട്രി ഓപ്പറേറ്റർ, ഓവർസിയർ
2. ഐ.കെ.എം -ടെക്നിക്കൽ അസിസ്റ്റന്റ്
3. ഡ്രൈവർ

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.3) മറുപടിയായി പ്രസ്തുത ജീവനക്കാർക്ക് തൊഴിൽനികുതി അടയ്ക്കുവാൻ അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അടവ് വരുത്തുന്ന മുറക്ക് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-3-4 ക്ഷീരോൽപാദക സഹകരണ സംഘങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കേണ്ടതാണ്

ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെ പറയുന്ന ക്ഷീരോൽപാദക സഹകരണ

സംഘങ്ങളിൽ നിന്നും ജീവനക്കാരുടെ തൊഴിൽ നികുതിയും ടേണോവറിന്റെ അടിസ്ഥാനത്തിലുള്ള സ്ഥാപന തൊഴിൽ നികുതിയും ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

1. ക്ഷീരോൽപാദക സഹകരണ സംഘം, താഴത്തുവടകര
2. ക്ഷീരോൽപാദക സഹകരണ സംഘം ,വട്ടകാവ്
3. ക്ഷീരോൽപാദക സഹകരണ സംഘം, കടയനിക്കാട്
4. ക്ഷീരോൽപാദക സഹകരണ സംഘം ,ഏറത്തുവടകര

ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.15) മറുപടിയായി പ്രസ്തുത സ്ഥാപനങ്ങൾക്ക് തൊഴിൽനികുതി അടയ്ക്കുവാൻ അറിയിപ്പ് നൽകിയിട്ടുണ്ടെന്നും അടവ് വരുത്തുന്ന മുറക്ക് വിവരം അറിയിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. തൊഴിൽനികുതി ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-4 യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി ഫീസ് ഈടാക്കിയില്ല

ശ്രീ.ചാക്കോ പ്ലാക്കാട്ട്, പ്ലാക്കാട്ട് ഗ്രാനൈറ്റ്സ്, വെള്ളാവൂർ എന്ന വ്യക്തി ക്രഷർ യൂണിറ്റ് നടത്തിപ്പിനായി നൽകിയ ലൈസൻസ് അപേക്ഷയിൽ 350 കുതിര ശക്തിയുള്ള യന്ത്ര സാമഗ്രികൾ ഉപയോഗിക്കുന്നതായി രേഖപ്പെടുത്തിയിട്ടുണ്ട്. ആയതിന്റ അടിസ്ഥാനത്തിൽ ടി വ്യക്തിയിൽ നിന്നും വൈദ്യുതികൊണ്ട് പ്രവർത്തിക്കുന്ന ഏതെങ്കിലും യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്ന സ്ഥലത്തിന് 1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 18 ന് അനുബന്ധമായ പട്ടിക 3 പ്രകാരം 3500 രൂപാ ലൈസൻസ് ഫീസ് ഈടാക്കേണ്ടതാണ്. എന്നാൽ ടിയാളിൽ നിന്നും 3000 രൂപാ മാത്രമാണ് ഫീസ് ഇനത്തിൽ ഈടാക്കിയിട്ടുള്ളത്(രസീത് നം.11503100149/09.04.15). ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.4) മറുപടി ലഭ്യമാക്കിയില്ല.ആയതിനാൽ കുറവ് വന്ന തുക ഈടാക്കി വിവരം അറിയിക്കേണ്ടതാണ്.

## 2-5-1 മാവേലി സ്റ്റോറിന്റെ വാടക നിശ്ചയിച്ച് നാളിതുവരെ ഈടാക്കിയിട്ടില്ല

മാവേലി സ്റ്റോർ നടത്തിപ്പിന് നൽകിയിട്ടുള്ള മുറികളുടെ(വെള്ളാവൂർ ഷോപ്പിംഗ് കോംപ്ലക്സിലെ 2,3 നമ്പർ മുറികൾ, മൂങ്ങാനി ഷോപ്പിംഗ് കോപ്ലക്സിലെ 3-ാം നമ്പർ മുറി) വാടക നിശ്ചയിച്ച് നാളിതുവരെ ഈടാക്കിയിട്ടില്ല. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.16) മറുപടിയായി വാടക നിശ്ചയിക്കുന്നതിനായി വാല്യുവേഷൻ സർട്ടിഫിക്കറ്റ് നൽകണമെന്നാവശ്യപ്പെട്ട് പി.ഡബ്ല്യു.ഡി ക്ക് കത്ത് നൽകിയിട്ടുണ്ടെന്നും സർട്ടിഫിക്കറ്റ് ലഭിക്കുന്ന മുറയ്ക്ക് വാടക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.വാടക ഈടാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 2-5-2 മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞു കിടക്കുന്നു

ഷോപ്പിംഗ് കോപ്ലക്സ് വാടക രജിസ്റ്റർ പരിശോധിച്ചതിൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള മൂങ്ങാനി ഷോപ്പിംഗ് കോംപ്ലക്സ് 2--ാം നമ്പർ മുറി, മണിമല ബസ്റ്റാന്റ് റൂം നമ്പർ 1 എന്നീ മുറികൾ വാടകയ്ക്ക് നൽകാതെ ഒഴിഞ്ഞുകിടക്കുന്നതായി കാണുന്നു.ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.16) മറുപടിയായി പ്രസ്തുത മുറികൾ ലേലം വിളിക്കുവാൻ ആളില്ലാത്തതിനാൽ ലേലം നടന്നില്ലായെന്നും വീണ്ടു ലേലം നടത്തുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. ആയതിനാൽ പുനർലേലം നടത്തി മുറികൾ ഒഴിഞ്ഞുകിടക്കുന്ന സാഹചര്യം ഒഴിവാക്കേണ്ടതാണ്.

## 2-6 തടി ലേലം ചെയ്യാൻ സാധിക്കാതെ നശിച്ച് പോകുന്നു

ഗ്രാമപഞ്ചായത്തിന്റെ XIII -ാം വാർഡിൽ പുറമ്പോക്ക് പ്രദേശത്ത് വീണുകിടന്ന ആഞ്ഞിലി മരം മുറിച്ച് മാറ്റി 02.08.2014 ൽ പഞ്ചായത്ത് കോമ്പൗണ്ടിൽ കൊണ്ടു വന്ന് സൂക്ഷിച്ചത് നാളിതുവരെ ലേലം ചെയ്തിട്ടില്ല.പ്രസ്തുത തടി കോമ്പൗണ്ടിൽ കിടന്ന് നശിച്ചുകൊണ്ടിരിക്കുന്നു. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.17) ലേലം ചെയ്യുന്നതിനാവശ്യമായ വാല്യുവേഷൻ സർട്ടിഫിക്കറ്റിനായി അസിസ്റ്റന്റ് ഫോറസ്റ്റ് കൺസർവേറ്റർക്ക് 29.06.2016 ൽ കത്ത് നൽകിയിട്ടുണ്ട് എന്നാണ് മറുപടി ലഭ്യമാക്കിയത്. എന്നാൽ വാല്യുവേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കുവാൻ കത്ത് നൽകുവാൻ കാലതാമസം എടുത്തതിനാൽ തടി കിടന്ന് നശിക്കുവാൻ ഇടയാകുകയും അത് മൂലം ഗ്രാമപഞ്ചായത്തിന് ലഭിക്കുമായിരുന്ന വരുമാനം നഷ്ടമാകുവാൻ കാരണമാവുകയും ചെയ്തിട്ടുണ്ട്.ആയതിനാൽ നടപടിക്രമങ്ങൾ പാലിച്ച് തടി എത്രയും വേഗം ലേലം ചെയ്യേണ്ടതും ഭാവിയിൽ ഇത്തരം വീഴ്ചകളുണ്ടാകാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതുമാണ്.

## 2-7 കേരള വാട്ടർ അതോറിറ്റി ഏറ്റെടുത്ത പ്രവൃത്തികളുടെ ഫലമായി നാശോന്മുഖമായ റോഡുകളുടെ പുനരുദ്ധാരണം -പുനരുദ്ധാരണ ചാർജ്ജ് ഈടാക്കിയില്ല

മണിമല മേജർ കുടിവെള്ള പദ്ധതിയുടെ ഭാഗമായ നിർമ്മാണ പ്രവൃത്തികളുടെ ഫലമായി ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള പല റോഡുകളും നാശോന്മുഖമായിട്ടുണ്ട്. പ്രസ്തുത റോഡുകളുടെ പുനരുദ്ധാരണത്തിനായി മെയിന്റനൻസ് ഗ്രാന്റ് (റോഡ്) വിഹിതത്തിൽ നിന്നും തുക ചെലവഴിച്ചിട്ടുമുണ്ട്. ഉദാഹരണമായി പ്രോജക്ട് നം.101/15 പ്രകാരം കോത്തലപ്പടി-കോണേക്കടവ് റോഡ് പുനരുദ്ധാരണത്തിനായി 1200000 രൂപ വകയിരുത്തുകയും 1184034 രൂപ ചെലവഴിക്കുകയും ചെയ്തിട്ടുണ്ട്. പൂർണ്ണമായി നാശോന്മുഖമായ റോഡിന്റെ ഏകദേശം 600 മീറ്റർ നീളത്തിൽ മെറ്റലിംഗ്/ ടാറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികൾ നടത്തുകയും ശേഷിച്ച ഭാഗത്ത് കോൺക്രീറ്റിങ്ങ്,കുഴിയടക്കലി് തുടങ്ങിയ പ്രവൃത്തികൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇതേ റോഡിൽ രണ്ടാം ഘട്ടമായി വീണ്ടും റോഡ് പുനരുദ്ധാരണ വേലകൾ ഏറ്റെടുത്തതായി അറിയുന്നു.

കേരള വാട്ടർ അതോറിറ്റി, പി.ഡബ്ല്യൂ.ഡി റോഡുകളിലും മറ്റും ട്രെഞ്ച് എടുത്ത് പ്രവൃത്തി ഏറ്റെടുക്കുമ്പോൾ റോഡ് പുനരുദ്ധാരണത്തിനുള്ള തുക കൂടി എസ്റ്റിമേറ്റിൽ ഉൾപ്പെടുത്താറുണ്ട്. ഇത് കൂടി ഉൾപ്പെട്ട നിരക്കാണ് വാട്ടർ അതോറിറ്റിയുടെ വർക്കുകൾ ഏറ്റെടുത്ത കരാറുകാർക്ക് നൽകിയിട്ടുള്ളതെങ്കിൽ റോഡ് പുനരുദ്ധാരണം ബന്ധപ്പെട്ട കരാറുകൾ തന്നെ ഏറ്റെടുക്കുകയോ അല്ലാത്ത പക്ഷം ആയതിനായി നിശ്ചിത നിരക്കിലുള്ള തുക തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ ഒടുക്കുകയോ ചെയ്യേണ്ടതാണ്.

ഇക്കാര്യത്തിൽ കൂടുതൽ അന്വേഷണം നടത്തി വാട്ടർ അതോറിറ്റിയിൽ നിന്നും ലഭിക്കുവാനുള്ള തുക ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.ഇതു സംബന്ധിച്ച് ഓഡിറ്റ് എൻക്വയറി (നം. 23) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയില്ല.

## 2-8 കേന്ദ്ര സർക്കാരിന്റെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് & ഹാന്റിലിംഗ്) ചട്ടങ്ങൾ 2016 പ്രകാരം ഗ്രാമപഞ്ചായത്ത് നടപടികൾ സ്വീകരിക്കേണ്ടതാണ്

2015-16 നിലവിൽ വന്ന കേന്ദ്രസർക്കാരിന്റെ 2016 ലെ പ്ലാസ്റ്റിക് വേസ്റ്റ് (മാനേജ്മെന്റ് & ഹാന്റിലിംഗ്) ചട്ടങ്ങൾ പ്രകാരം സ്വീകരിക്കേണ്ട നടപടികളും പ്ലാസ്റ്റിക് ക്യാരി ബാഗുകളുടെ ഉപയോഗം സംബന്ധിച്ചുള്ള മാർഗ്ഗനിർദ്ദേശങ്ങളും തദ്ദേശ സ്വയംഭരണ വകുപ്പ് 24.09.2016 ലെ 576/ഡി.സി1/16 നമ്പർ സർക്കുലർ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. സർക്കുലറിലെ നിർദ്ദേശങ്ങൾക്കനുസരണമായി ഗ്രാമ പഞ്ചായത്ത് വിജ്ഞാപനം പുറപ്പെടുവിക്കേണ്ടതും പ്രസ്തുത നിയമം നടപ്പിലാക്കുവാൻ നടപടികൾ സ്വീകരിക്കേണ്ടതുമാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 സേവാഗ്രാം ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനം -വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല

പഞ്ചായത്തിലെ 13 വാർഡുകളിലും സേവാഗ്രാം ഗ്രാമകേന്ദ്രത്തിന് ബോർഡ് സ്ഥാപിക്കുന്നതിന് ബോർഡൊന്നിന് 2050 രൂപ നിരക്കിൽ ആകെ 26650/- രൂപ (ചെക്ക് നം. 500011 തീ.13/04/2015 ) പ്രഭാ ആർട്സ് ,ചങ്ങനാശ്ശേരി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ബോർഡുകൾ ഗ്രാമകേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുള്ളതായി സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്തിട്ടുണ്ട്. എന്നാൽ ഗ്രാമകേന്ദ്രങ്ങൾ പ്രവർത്തിക്കുന്നതുമായി ബന്ധപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.6 )മറുപടിയിൽ ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനത്തിന്റെ വിശദാംശങ്ങൾ ലഭ്യമാക്കിയിട്ടില്ല. പതിമൂന്ന് വാർഡുകളിലും

ഗ്രാമകേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുള്ള കെട്ടിടങ്ങളുടെയും ഗ്രാമകേന്ദ്രങ്ങളുടെ പ്രവർത്തനത്തിന്റെയും വിശദാംശങ്ങൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 3-2 വാഹനത്തിന്റെ ഇന്ധനത്തിന് അധികം തുക ചെലവഴിച്ചു

പഞ്ചായത്ത് വക ജീപ്പിന് 01.03.2015 മുതൽ 31.04.2015 വരെയുള്ള ഇന്ധനാവശ്യത്തിന് 28.05.2015 ലെ 870295-ാം നം ചെക്ക് പ്രകാരം 17383/- രൂപ ചെലവഴിച്ചതായി കാണുന്നു. എന്നാൽ ഡീസൽ അടിച്ചതിന്റെ ഏപ്രിൽ മാസത്തെ 10976/- രൂപയുടെയും മെയ് മാസത്തെ 4252/- രൂപയുടെയും കൂടി ആകെ 15228/- രൂപയുടെ ബിൽ മാത്രമാണ് ലഭ്യമാക്കിയിരിക്കുന്നത് . 2155 രൂപയുടെ ചെലവിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ടി തുകയുടെ ചെലവിന്റെ വിശദാംശങ്ങൾ ലഭ്യമാക്കുകയോ അല്ലാത്തപക്ഷം തുക തിരികെ അടച്ച് രേഖകൾ ലഭ്യമാക്കുകയോ ചെയ്യാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.7) ലഭ്യമാക്കിയ മറുപടി പ്രകാരം കെ.സി ഏബ്രഹാം $ സൺസ് ,എച്ച്.പി ഡീലേഴ്സ് ,മണിമല എന്ന സ്ഥാപനത്തിൽ നിന്നും തുക ഈടാക്കി അടവുവരുത്തുന്നതാണെന്നറിയിച്ചിട്ടുണ്ട് . 2155/- രൂപ തിരികെ അടച്ച് ഓഡിറ്റിൽ രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്. അല്ലാത്തപക്ഷം ബന്ധപ്പെട്ട സെക്ഷന്റെ വ്യക്തിപരമായ ബാധ്യതയായി കണക്കാക്കി ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം/ ചട്ടങ്ങൾ പ്രകാരമുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## 3-3 വാഹനത്തിന്റെ അറ്റകുറ്റപ്പണിയുടെ ചെലവ് - സർക്കാർ നിർദ്ദേശം പാലിച്ചിട്ടില്ല

പഞ്ചായത്ത് വക ജീപ്പിന്റെ ലോഗ് ബുക്ക് പ്രകാരം വാഹനം 19.08.2015 ൽ അറ്റകുറ്റപ്പണിക്ക് വർക്ക് ഷോപ്പിൽ നൽകുകയും 08.09.2015 ന് തിരികെ ലഭിക്കുകയും ചെയ്തു. ഇതുമായി ബന്ധപ്പെട്ട് ചെക്ക് നം .354495 തീ.10.09.2015 പ്രകാരം 9891/- രൂപയും ചെക്ക് നം .569663 തീ. 15.09.2015പ്രകാരം 9955/- രൂപയും കൂടെ ആകെ 19846/- രൂപ കൃഷ്ണാ ട്രേഡ് ലിങ്ക്സ് , കോട്ടയം എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. ഇപ്രകാരം ബിൽ തുക വിഭജിച്ച് നൽകുന്നത് 10000/-രൂപയിൽ താഴെയാണ് ചെലവ് എന്ന് വരുത്തിത്തീർക്കാനാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ജി.ഒ (എം.എസ്)170/07 ത.സ്വ.ഭ .വ 30.06.2007 പ്രകാരം വാഹനങ്ങളുടെ അറ്റകുറ്റപ്പണിയുടെ പ്രതീക്ഷിക്കുന്ന ചെലവ് കസ്റ്റോഡിയൻ ഓഫീസറോ എഞ്ചിനീയറോ കണക്കാക്കേണ്ടതാണെന്നും പതിനായിരം രൂപയ്ക്ക് മേൽ ചെലവ് വരുന്ന എല്ലാ സംഗതികളിലും ബന്ധപ്പെട്ട സ്ഥാപനത്തിന്റെ കമ്മറ്റിയുടെ അംഗീകാരത്തിന് വിധേയമായി മത്സരസ്വഭാവമുള്ള ക്വട്ടേഷന്റെ അടിസ്ഥാനത്തിൽ മാത്രം ചെയ്യിക്കേണ്ടതാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട് . എന്നാൽ ഇവിടെ കൃഷ്ണാ ട്രേഡ് ലിങ്ക്സ് എന്ന സ്ഥാപനമാണ് എസ്റ്റിമേറ്റ് തയ്യാറാക്കിയിരിക്കുന്നത് .ഈ എസ്റ്റിമേറ്റ് അധികാരപ്പെട്ട മെക്കാനിക്കൽ എഞ്ചിനീയർ അംഗീകരിച്ചതായോ ആയത് പ്രകാരം ക്വട്ടേഷൻ ക്ഷണിച്ചതായോ കാണുന്നില്ല. സർക്കാർ നിർദ്ദേശം പാലിക്കാതെ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ മറുപടി തൃപ്തികരമല്ല. അപാകതകൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതും സർക്കാർ നിർദ്ദേശം പാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

## 3-4-1 ഡെപ്പോസിറ്റ് പ്രവൃത്തികൾ-നിർവ്വഹണ ഏജൻസികൾ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കാതെ തുക മുൻകൂർ ഈടാക്കുന്നു-പ്രവൃത്തി നിർവ്വഹണത്തിൽ കാലതാമസം

തൻവർഷം ഗ്രാമ പഞ്ചായത്ത് വിവധങ്ങളായ ഡെപ്പോസിറ്റ് പ്രവൃത്തികൾക്ക് വേണ്ടി നടത്തിയിട്ടുള്ള നിക്ഷേപങ്ങളുടെ വിവരം ഈ റിപ്പോർട്ടിലെ ഖണ്ഡിക 4-2ൽ വിശദീകരിച്ചിട്ടുണ്ട്.കൂടുതൽ തുകയും കുടിവെള്ള പൈപ്പ് ലൈൻ ദീർഘിപ്പിക്കലിനായി വാട്ടർ അതോറിറ്റിയിലും സ്ട്രീറ്റ് ലൈൻ ദീർഘിപ്പിക്കൽ തുടങ്ങിയ പ്രവൃത്തികൾക്കായി ഇലക്ട്രിസിറ്റി ബോർഡിലുമാണ് നിക്ഷേപിച്ചിട്ടുള്ളത്. (ഉദാഹരണം:-;ചവരംപ്ലാക്കൽപ്പടി-മലമ്പാറ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ, പായിക്കുഴി കോളനി പൈപ്പ് ലൈൻ എക്സ്റ്റൻഷൻ മുതലായവ)പ്രവൃത്തികളുടെ ഒരു സംക്ഷിപ്ത എസ്റ്റിമേറ്റ് മാത്രം അടിസ്ഥാനമാക്കിയാണ് ഗ്രാമ പഞ്ചായത്തിൽ നിന്നും തുക ഒടുക്കിയിട്ടുള്ളത്. എന്നാൽ പ്രവൃത്തിയുടെ നിർവ്വഹണകലണ്ടർ, ലക്ഷ്യമിട്ട പ്രവൃത്തികളുടെ വിശദവിവരം ,പൂർത്തിയായതും പൂർത്തിയാക്കാനുള്ളതുമായ ഘട്ടങ്ങൾ തുടങ്ങിയ വിവരങ്ങൾ നിർവ്വണ ഏജൻസി ഗ്രാമ പഞ്ചായത്തിനെ ധരിപ്പിക്കുകയോ ഇക്കാര്യങ്ങൾ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെടുകയോ ചെയ്തതായി കാണുന്നില്ല. നിർവ്വഹണ ഏജൻസിയുമായി നിയമസാധുത ലഭിക്കുന്ന വിധം തുക നിക്ഷേപിക്കുന്നതിന് മുമ്പായി ഉഭയകക്ഷി കരാർ ചമയ്ക്കേണ്ടതാണെങ്കിലും ഓഡിറ്റിൽ ഹാജരാക്കുന്നതിനുള്ള ഒരു രേഖ എന്ന നിലയിലാണ് പലപ്പോഴും കരാർ ചമയ്ക്കുന്നത്. ഗ്രാമ പഞ്ചായത്തിന്റെ താൽപര്യം സംരക്ഷിക്കപ്പെടുന്ന രീതിയിൽ യഥാസമയം പൂർണ്ണമായ കരാർ ചമയ്ക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

ഡെപ്പോസിറ്റ് പ്രവൃത്തികളുടെ വിശദമായ എസ്റ്റിമേറ്റും മൂല്യനിർണ്ണയ വിശദാംശങ്ങളും പരിശോധിക്കേണ്ടതും പ്രവൃത്തികളുടെ മോണിറ്ററിങ്ങ് സംവിധാനം ശക്തിപ്പെടുത്തേണ്ടതുമാണ്. നിക്ഷേപിക്കപ്പെട്ട തുകയുടെ വിനിയോഗവിവരങ്ങളുടെ അഭാവത്തിൽ ഖണ്ഡിക 4.2 പ്രകാരമുള്ള ആകെ തുകയായ 369363 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-4-2 നിർബന്ധിത പ്രോജക്ടുകൾ / ജി.ഒ പ്രോജക്ടുകൾ പ്രകാരം തുക തുക നിക്ഷേപിക്കുന്നത്-വിനിയോഗ വിവരം ലഭ്യമല്ല

തൻവർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി നിർബന്ധിത പ്രോജക്ടുകൾ / ജി.ഒ പ്രോജക്ടുകൾ പ്രകാരം മറ്റ് പ്രോഗ്രാമുകളുടേയും പ്രോജക്ടുകളുടേയും നടത്തിപ്പിനായി തുക ഒടുക്കിയിട്ടുണ്ടെങ്കിലും തുക നിർദ്ദിഷ്ട ആവശ്യത്തിനായി വിനിയോഗിച്ചതിന്റെ വിവരം പഞ്ചായത്തിൽ ലഭ്യമല്ല. സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| ക്ര.നം. | പ്രോഗ്രാം/പ്രോജക്ട് | ഒടുക്കിയ തുക(രൂപ) | നിക്ഷേപിച്ച സ്ഥാപനം/ഏജൻസി | നിർവ്വഹണ ഉദ്യോഗസ്ഥൻ |
|---|---|---|---|---|
| 1 | കന്നുകട്ടി പരിപാലനം | 400000 | കാഫ് ഫീഡ് പ്രോഗ്രാം ഓഫീസർ,കോട്ടയം | വെറ്റിനറി സർജൻ |
| 2 | തെരുവ് നായ്ക്കളുടെ വന്ധ്യംകരണം | 200000 | ജില്ലാ പഞ്ചായത്ത്,കോട്ടയം | വെറ്റിനറി സർജൻ |
| 3 | ഐ.എ.വൈ ഭവനം-അധിക വിഹിതം-ജനറൽ | 25000 | വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | വി.ഇ.ഒ |
| 4 | ഐ.എ.വൈ ഭവനം-അധിക വിഹിതം-എസ്.സി.പി | 48551 | വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | വി.ഇ.ഒ |

| | | | | |
|---|---|---|---|---|
| 5 | എസ്.എസ്.എ വിഹിതം | 500000 | പ്രജക്ട് ഓഫീസർ,എസ്.എസ്.എ,കോട്ടയം | ഗ്രാമപഞ്ചായത്ത് സെക്രട്ടറി. |
| 6 | ഐ.എ.വൈ ഭവനം-ജനറൽ | 254850 | വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | ഗ്രാമപഞ്ചായത്ത് സെക്രട്ടറി |
| 7 | ഐ.എ.വൈ ഭവനം-എസ്.സി.പി | 240000 | വാഴൂർ ബ്ലോക്ക് പഞ്ചായത്ത് | അസി.സെക്രട്ടറി |
| | ആകെ | 166840 | | |

മേൽ തുകയിൽ എസ്.എസ്.എ പ്രോജക്ടിനായി നിക്ഷേപിച്ച തുകയുടെ പൊതുവായ വിനിയോഗ സാക്ഷ്യപത്രം ലഭിച്ചിട്ടുണ്ടെങ്കിലും ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള സ്കൂളുകളിലും വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കുമായി കേന്ദ്രവിഹിതമുൾപ്പടെ ചെലവഴിച്ച തുകയുടെ ഘടകങ്ങൾ തിരിച്ചുള്ള വിനിയോഗ വിവരം ലഭ്യമാക്കിയിട്ടില്ല. ഇവ ലഭ്യമാക്കേണ്ടതും ആരോഗ്യ/വിദ്യാഭ്യാസ സ്റ്റാന്റിങ്ങ് കമ്മറ്റി എസ്.എസ്.എ പ്രവർത്തനങ്ങൾ വിലയിരുത്തി റിപ്പോർട്ട് തയ്യാറാക്കേണ്ടതുമാണ്. ഗ്രാമ പഞ്ചായത്തിന്റെ പദ്ധതി വിഹിതത്തിൽ നിന്നും ചെലവഴിച്ച തുക എന്ന നിലയിൽ നിർദ്ദിഷ്ട പ്രോഗ്രാമുകൾ/പ്രോജക്ടുകൾ നിർവ്വഹിക്കപ്പെട്ടതിന്റേയും ഭൗതികനേട്ടം കൈവരിച്ചതിന്റേയും വിവരങ്ങൾ ഗ്രാമ പഞ്ചായത്ത് തലത്തിൽ വിലയിരുത്തേണ്ടതാണ്.

## 3-5 ദർഘാസ് പരസ്യങ്ങൾക്ക് അധികതുക ചെലവഴിച്ചു

2015-16 വർഷം സെക്രട്ടറി നിർവ്വഹണം നടത്തിയ പദ്ധതിരൂപീകരണം (പ്രോജക്ട് നം.S001/16) എന്ന പ്രോജക്ടിലുൾപ്പെടുത്തി പത്രപ്പരസ്യം നൽകിയതിന് ചുവടെ ചേർക്കും പ്രകാരം തുക ചെലവഴിച്ചിട്ടുണ്ട് പൊതുഭരണവകുപ്പിന്റെ 01-01-04ലെ സ.ഉ(അച്ചടി )01/04/ഐ ആന്റ് പി.ആർ ,21.06.04 ലെ സർക്കുലർ 7441/D-1/04/ഐ ആന്റ് പി ആർ എന്നിവ പ്രകാരം തദ്ദേശസ്വയംഭരണസ്ഥാപനങ്ങൾ ദർഘാസ് പരസ്യങ്ങൾ വിൻഡോ രൂപത്തിൽ മൂന്ന് സെന്റീമീറ്റർ * രണ്ട് കോളം (8 cm) വലിപ്പത്തിൽ ആയിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട് . എന്നാൽ പ്രസ്തുത നിർദ്ദേശത്തിന് വിരുദ്ധമായി പത്രപ്പരസ്യം നൽകി അധികതുക ചെലവഴിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ പട്ടികയിൽ ചേർക്കുന്നു.

| പത്രം,തീയതി | നിരക്ക് | നൽകിയ തുക | നൽകാവുന്ന തുക | അധിക ചെലവ്(രൂപ) |
|---|---|---|---|---|
| മംഗളം,27.09.15 | 6*8=48@50 | 2400 | 3*8=24@50=1200 | 1200/- |
| മംഗളം, 21.11.15 | 6*8=48@120 | 5760 | 3*8=24@120=2880 | 2880/- |
| മംഗളം, 03.12.15 | 7*8=56@120 | 6720 | 3*8=24@120=2880 | 3840/- |
| ദേശാഭിമാനി,21.11.15 | 7*8=56@130 | 7280 | 3*8=24@130=3120 | 4160/- |

മേൽപ്പറഞ്ഞ നിർദ്ദേശം പാലിക്കാത്തത് കാരണം 12080/-രൂപയുടെ അധികച്ചെലവ് വന്നതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.21) മറുപടി തൃപ്തികരമല്ല. അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-6 എസ്.സി.കാർഷിക വിപണന കേന്ദ്രത്തിനുള്ള കെട്ടിട നിർമ്മാണം-ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് കൂടാതെ എസ്.സി.പി ഫണ്ട് ചെലവഴിച്ചു-47.34

## ലക്ഷം രൂപയുടെ എസ്.സി.പി ഫണ്ട് മുടങ്ങികിടക്കുന്നു

മണിമല ടൗണിനോട് ചേർന്ന് മണിമലയാറിന്റെ സമീപത്തായി മുൻവർഷങ്ങളിൽ സംരക്ഷണ ഭിത്തി കെട്ടി മണ്ണ് നിറച്ച സ്ഥലത്ത് എസ്.സി.കാർഷിക വിപണനകേന്ദ്രത്തിനുള്ള കെട്ടിട നിർമ്മാണം എന്ന പേരിൽ 2012-13 മുതൽ ഏറ്റെടുത്ത ബഹുവർഷ പ്രോജക്ട് പ്രകാരം 2015-16 വർഷം വരെ 4734898/രൂപ ചെലവഴിച്ചിട്ടുണ്ട്.(ജില്ലാ പഞ്ചായത്ത് വിഹിതമായി ലഭിച്ച 10ലക്ഷം രൂപ ഉൾപ്പടെ). ചെലവിന്റെ സംക്ഷിപ്ത വിവരം ചുവടെ ചേർക്കുന്നു.

| വർഷം | ചെലവ്(രൂപ) |
|---|---|
| 2012-13 | 131036 |
| 2013-14 | 789673 |
| 2014-15 | 2589465 |
| 2015-16 | 1224724 (ബിൽ നമ്പർ വ്യക്തമല്ല/17.9.15) |
| ആകെ | 4734898 |

എസ്റ്റീം ഡവലപ്പേഴ്സ് പ്രൈവറ്റ് ലിമിറ്റഡ്,കൊച്ചി എന്ന ആർക്കിടെക്ട് സ്ഥാപനം തയ്യാറാക്കി നൽകിയ 4 നില കെട്ടിടത്തിനുള്ള സ്ട്രക്ച്ചറൽ ഡിസൈൻ/എസ്റ്റിമേറ്റ് അടിസ്ഥാനമാക്കിയാണ് എസ്.സി.പി ഫണ്ട് വിനിയോഗിച്ചുള്ള കെട്ടിട നിർമ്മാണം ആരംഭിച്ചത്.ആർക്കിടെക്ട് ഫീ ഇനത്തിലും സോയിൽ ടെസ്റ്റ് ചാർജ് ഇനത്തിലും ആരംഭ വർഷം തുക ചെലവഴിച്ചിട്ടുണ്ട്.

നിയമാനുസൃതം ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് വാങ്ങാതെയാണ് എസ്.സി.പി ഫണ്ട് ചെലവഴിച്ചത്. പ്രസ്തുത നടപടി മാർഗ്ഗരേഖയുടെ വ്യക്തമായ ലംഘനവും ക്രമവിരുദ്ധവുമാണ്.

ആർക്കിടെക്ട് തയ്യാറാക്കി നൽകിയത് 4 നില കെട്ടിടത്തിനുള്ള സ്ട്രക്ച്ചറൽ ഡിസൈനും ആയതിനുള്ള എസ്റ്റിമേറ്റും ആണെങ്കിലും ആയതിനനുസൃതമായ നിർമ്മാണ പ്രവൃത്തികളല്ല ഏറ്റെടുത്തിട്ടുള്ളത്.ഗ്രാമപഞ്ചായത്ത് എഞ്ചിനീയർ എസ്റ്റിമേറ്റിൽ നിരവധി മാറ്റങ്ങൾ ശുപാർശ ചെയ്യുകയും എസ്റ്റിമേറ്റ് പുതുക്കുകയും ചെയ്തിട്ടുണ്ട്.( 681104/രൂപയുടെ ഇനങ്ങൾ ഒഴിവാക്കുകയും തത്തുല്യ തുകയുടെ ഇനങ്ങൾ കൂടുതലായി ഉൾപ്പെടുത്തുകയും ചെയതു). കെട്ടിടത്തിന്റെ നിലകളുടെ എണ്ണം രണ്ടായി പരിമിതപ്പെടുത്തുകയും ചെയ്തു. ആയതിനാൽ ആർക്കിടെക്ട് ഫീ നൽകിയത് പാഴ് ചെലവ് ആയതായി ഓഡിറ്റ് വിലയിരുത്തുന്നു.(മുൻവർഷം എത്ര തുക ആർക്കിടെക്ട് ഫീ ഇനത്തിൽ ചെലവഴിച്ചുവെന്ന് വ്യക്തമല്ല.)

നിലവിൽ കെട്ടിടത്തിന്റെ 2 നിലയുടെ ഘടനാപരമായ നിർമ്മാണം പൂർത്തിയായിട്ടുണ്ടെങ്കിലും ഫിനിഷിങ്ങ് വർക്കുകളും വൈദ്യുതീകരണ/ശുചീകരണ പ്രവൃത്തികളും നടത്തിയിട്ടില്ല.ആയതിനാൽ കെട്ടിടം ഉപയോഗക്ഷമമായിട്ടില്ല.മാത്രമല്ല കെട്ടിട നിർമ്മാണം സംബന്ധിച്ച് കോടതിയിൽ കേസ് നിലനിൽക്കുന്നതിനാൽ നിർമ്മാണം സ്തംഭനാവസ്ഥയിലാണ്.

ഇത് സംബന്ധമായ പൊതു സ്ഥിതി വിലയിരുത്തിയതിൽ വേണ്ടത്ര ജാഗ്രത കൂടാതെയാണ് എസ്.സി.പി ഫണ്ട് ചെലവഴിച്ചതെന്ന് വ്യക്തമായിട്ടുണ്ട്. കെട്ടിടനിർമ്മാണം ഉപയോഗക്ഷമമാം വിധം പൂർത്തിയാക്കാൻ ഇനിയും എത്ര തുക ആവശ്യമായി വരുമെന്നോ പ്രോജക്ട് പൂർത്തീകരിച്ചാൽ നേരിട്ടും പരോക്ഷമായും പ്രയോജനം ലഭിക്കുന്ന എസ്.സി.ഗുണഭോക്താക്കളുടെ എണ്ണം എത്രയാണെന്നോ തിട്ടപ്പെടുത്തിയിട്ടില്ല. വിവിധ വർഷങ്ങളായി ഏറ്റെടുത്ത പ്രവൃത്തികളുടെ വിവരം അളവ് പുസ്തകം 1/15-16 ൽ രേഖപ്പെടുത്തിയിട്ടുണ്ട്. ആകെ 4585862 രൂപ മൂല്യം നിശ്ചയിക്കപ്പെട്ട പ്രവൃത്തികൾക്ക് മുൻവർഷം പാർട്ട്ബില്ലുകൾ പ്രകാരം 3361138 രൂപ കിഴിച്ച് 1224724 രൂപ തൻവർഷം

ചെലവഴിച്ചിട്ടുണ്ട്. (ബിൽ നം വ്യക്തമല്ല/17.9.15) (കരാറുകാരൻ ശ്രീ. ജൂബി കെ. ജോസഫ്) മേൽസൂചിപ്പിച്ച അപാകതകൾ നിലനിൽക്കുന്നതിനാൽ പ്രവൃത്തിയുടെ ചെലവ് തുക ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.
ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം.13)മറുപടിയായി ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനിയറിൽ നിന്നും മറുപടി ലഭ്യമാക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്.

## 3-7 സബ്സിഡി മാർഗരേഖപ്രകാരമല്ലാതെ പ്രോജക്ട് നടപ്പിലാക്കി.

പ്രോജക്ടിന്റെ പേര് -ക്ഷയരോഗികൾക്ക് പോഷകാഹാരം

പ്രോജക്ട് നം.-എസ്037/16

നിർവ്വഹണ ഉദ്യോഗസ്ഥ-മെഡിക്കൽ ഓഫീസർ, പി.എച്ച്.സി

അടങ്കൽ - 60000/-രൂപ

ചെലവ്- 60000/-രൂപ ( ബിൽ നമ്പർ- 05/15.09.15, 13000/-രൂപ, ബിൽ നമ്പർ- 06/12.10.15, 11000/-രൂപ,ബിൽ നമ്പർ- 10/14.01.16, 9000/-രൂപ, ബിൽ നമ്പർ- 14/12.02.16, 13000/-രൂപ, ബിൽ നമ്പർ- 17/15.03.16, 7000/-രൂപ,ബിൽ നമ്പർ- 21/22.03.16, 7000/-രൂപ )

ഈ പ്രോജക്ട് പ്രകാരം പഞ്ചായത്ത് പരിധിയിൽ ഉള്ള ക്ഷയരോഗികൾക്ക് രോഗപ്രതിരോധം മുൻനിർത്തി പോഷകാഹാരം ഒരു യൂണിറ്റിന് 1000/- രൂപ നിരക്കിൽ 60 യൂണിറ്റ് വാങ്ങി വിതരണം ചെയ്തിട്ടുണ്ട്. സ.ഉ (എം.എസ്) നം. 362 /2013 /ത.സ്വ.ഭ.വ , തീ. 16.11.2013 പ്രകാരമുള്ള തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധവിഷയങ്ങളും സംബന്ധിച്ച മാർഗരേഖയിലെ അനുബന്ധം -1,ഖണ്ഡിക 10 പ്രകാരം നിർദ്ദേശിച്ചിരിക്കുന്ന വിഭാഗങ്ങൾക്ക് വേണ്ടിയുള്ള പോഷകാഹാര / ഭക്ഷണവിതരണം ഒഴികെ മറ്റ് പോഷകാഹാര /ഭക്ഷണവിതരണപരിപാടികൾ ഒന്നുംതന്നെ ഏറ്റെടുക്കാവുന്നതല്ല. ക്ഷയരോഗികൾ മേൽപ്പറഞ്ഞ വിഭാഗങ്ങളിൽ ഉൾപ്പെടുന്നില്ല. നിരാലംബരായ രോഗികളുടെ ക്ഷേമം മുൻനിർത്തിയുള്ള പ്രോജക്ടാണ് ഏറ്റെടുത്തിട്ടുള്ളതെങ്കിലും ഇത്തരം പ്രോജക്ടുകളുടെ നിർവഹണം സർക്കാർ മാർഗരേഖയ്ക്ക് അനുസൃതമാകാൻ നിർവഹണോദ്യോഗസ്ഥർ ശ്രദ്ധിക്കേണ്ടതുണ്ട്. സർക്കാർ നിർദ്ദേശം പാലിക്കാതെ തുക ചെലവഴിച്ചതിന് വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ലഭ്യമാക്കിയില്ല. മേൽ സൂചിപ്പിച്ച അപാകതകൾ മുൻനിർത്തി തൻവർഷചെലവ് തുകയായ 60000 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.അപാകത ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-8 ഭവനനിർമ്മാണം പൂർത്തിയായിട്ടില്ല

2015-16 വർഷം വില്ലേജ് എക് സ്റ്റൻഷൻ ഓഫീസർ നിർവ്വഹണം നടത്തിയ സ്ത്രീ കുടുംബനാഥയായിട്ടുള്ളവർക്ക് ഭവനനിർമ്മാണം (പ്രോജക്ട് നം.എസ് 013/16, ) എന്ന പ്രോജക്ട് പ്രകാരം 3 ഗുണഭോക്താക്കൾക്ക് ധനസഹായം നൽകിയതിൽ 2 പേർ നാളിതുവരെ ഭവനനിർമ്മാണം പൂർത്തിയാക്കിയിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം | പേര് | നൽകിയ തുക |
|---|---|---|
| 1 | ഉഷ, ഉള്ളാട്ടുശ്ശേരിൽ | 180000/-രൂപ |
| 2 | സാലി ജോസഫ് ,ബംഗ്ളാവ്കുന്നേൽ | 180000/-രൂപ |

വിശദീകരണം ലഭ്യമാക്കാനാവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറിയുടെ (നം.11)മറുപടിയിൽ 2016-17 വർഷം ടി പ്രോജക്ട് സ്പിൽഓവർ ആക്കി പദ്ധതി നിർവ്വഹണം നടന്നുകൊണ്ടിരിക്കുന്നതാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. ഭവനനിർമാണം ഗുണഭോക്താക്കൾക്ക് വാസയോഗ്യമായ രീതിയിൽ പൂർത്തീകരിക്കപ്പെടുന്നുണ്ടെന്ന് ഉറപ്പുവരുത്തേണ്ടതാണ്. ആയതിനാൽ ഭവനനിർമ്മാണം പൂർത്തിയാക്കി വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതാണ്.

## 3-9 ആശ്രയ പദ്ധതി-തുക വിനിയോഗിച്ചിട്ടില്ല

ഗ്രാമപഞ്ചായത്തിന്റെ ഒന്നാം ഘട്ട ആശ്രയപദ്ധതിയുടെ കാലയളവ് 2012 ഏപ്രിൽ മുതൽ 2015 മാർച്ച് വരെയായിരുന്നു. 2011-12 കാലയളവിൽ ലഭിച്ച ചലഞ്ച് ഫണ്ടായ 1294500/- രൂപയിൽ 604785/- രൂപ 136 ഗുണഭോക്താക്കൾക്ക് ഭക്ഷണം ,ചികിത്സ, പഠനം എന്നിവയ്ക്കായി ചെലഴിച്ചിട്ടുണ്ട് .ഗുണഭേക്താക്കൾക്ക് ഭവനനിർമ്മാണം, ഭവനപുനരുദ്ധാരണം ,സ്ഥലം വാങ്ങൽ മുതലായ പ്രോജക്ടുകൾ വികസനഫണ്ടുപയോഗിച്ചും നടപ്പിലാക്കിയിട്ടുണ്ട്. ഒന്നാം ഘട്ടം തുടർസേവനം പ്രോജക്ട് തയ്യാറാക്കിവരുന്നു.

രണ്ടാം ഘട്ടപദ്ധതി 2015 ഏപ്രിൽ മുതൽ 2018 മാർച്ച് വരെ നട്പിലാക്കുന്നതിനായി 84 ഗുണഭോക്താക്കളെ സർവ്വെ പ്രകാരം കണ്ടെത്തിയെങ്കിലും 2016-17 കാലയളവിലാണ് പദ്ധതിക്ക് അംഗീകാരം ലഭിച്ചത് .ആയതിനാൽ 2015-16 വർഷം വികസനഫണ്ടിനത്തിൽ ലഭിച്ച 400000/- രൂപ (ഡി.ഡി നം 338458 തീ.05.04.2016) നാളിതുവരെ ചെലവഴിച്ചിട്ടില്ല. സമ്പൂർണ അഗതി പുനരധിവാസം, അടിസ്ഥാന സൗകര്യങ്ങളും അതിജീവന ആവശ്യങ്ങളും നൽകി സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് അഗതി കുടുംബങ്ങളെ എത്തിക്കുക മുതലായ ലക്ഷ്യങ്ങൾ നിറവേറ്റുന്നതിന് ആവശ്യമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. വികസനഫണ്ടിനത്തിൽ ലഭിച്ച തുക ചെലവഴിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും വിവരം ഓഡിറ്റിൽ അറിയിക്കേണ്ടതുമാണ്.

## 3-10 മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി

മഹാത്മാഗാന്ധി ദേശീയഗ്രാമീണതൊഴിലുറപ്പ് പദ്ധതി യുമായി ബന്ധപ്പെട്ട് 2015-16വർഷം 109പേർക്ക് തൊഴിൽ കാർഡ് ലഭിച്ചിട്ടുണ്ട്. പഞ്ചായത്തിൽ ആകെ 13 വാർഡുകൾ ഉണ്ട്. 13 ഗ്രാമസഭകളും ലേബർ ബഡ്ജറ്റ് തയ്യാറാക്കുകയും സോഷ്യൽ ഓഡിറ്റ് നടത്തുകയും ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ ആകെയുള്ള 144 അയൽക്കൂട്ടങ്ങളും തൊഴിലുറപ്പ് പദ്ധതിയുമായി സഹകരിക്കുന്നവയാണ്. 50 അയൽക്കൂട്ടങ്ങൾ ആവശ്യമുള്ള തൊഴിൽദിനങ്ങൾ നിർദ്ദേശിച്ചിട്ടുണ്ട്. ലേബർ ബഡ്ജറ്റ് പ്രകാരം 2015-16വർഷം 111 പദ്ധതികൾ വിഭാവനം ചെയ്യുകയും എല്ലാ പദ്ധതികൾക്കും സാങ്കേതികാനുമതി ലഭിക്കുകയും എല്ലാ പദ്ധതികളും പൂർത്തിയാക്കുകയും ചെയ്തു. ആകെ 23640 തൊഴിൽ ദിനങ്ങൾ ലഭിച്ചു. 100 തൊഴിൽ ദിനങ്ങൾ പൂർത്തീകരിച്ച 3 കുടുംബങ്ങൾ ഉണ്ട്.. മഴക്കുഴിനിർമ്മാണം, കയ്യാല നിർമ്മാണം, വൃക്ഷത്തൈ നടീൽ എന്നിവയാണ് പ്രധാനമായും നടപ്പാക്കിയ പ്രവൃത്തികൾ. പരാതി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ട് എന്നാൽ പരാതികളൊന്നും തൻവർഷം ലഭിച്ചിട്ടില്ല.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം | തുക | ലഭിച്ച | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| നൽകിയ സ്ഥാപനം | ലഭിച്ച വർഷം | തുക | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2015-16 | 30000 | ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്ക് സ്കോളർഷിപ്പ് ബത്ത | 30000 | --------- |

## 4-2 ഡെപ്പോസിറ്റ് വർക്കിനു നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | ചവരംപ്ലാക്കൽപടി-മലമ്പാറ സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 328461/15.04.16 | 110000 | | യു.സി. ലഭിച്ചിട്ടില്ല. |
| | വെള്ളാവൂർ ഗവ.എൽ.എസ്-മാക്കപ്പതാലിപ്പടി വൈദ്യുതി ലൈൻ സ്ഥാപിക്കൽ | 247322/29.10.15 | 44363 | | യു.സി. ലഭിച്ചിട്ടില്ല. |
| | കല്ലംമാക്കൽഅംബേദ്കർ കോളനി സ്ട്രീറ്റ് മെയിൻ സ്ഥാപിക്കൽ | 248152/1.1.06 | 15000 | | യു.സി. ലഭിച്ചിട്ടില്ല. |
| കേരള വാട്ടർ അതോറിറ്റി | പായിക്കുഴി കോളനി പൈപ്പ്ലൈൻ എക്സ്റ്റൻഷൻ | 241853/1.1.16 | 200000 | | യു.സി. ലഭിച്ചിട്ടില്ല. |
| | ആകെ | | 369363 | | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത്

ഇല്ല

## 4-4 വായ്പ/ വായ്പ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ | ഉത്തരവ് നമ്പർ/തിയ്യതി | വായ്പ തുക | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ | തൻവർഷം തിരിച്ചടച്ച തുക | വർഷാവ സാനം |
|---|---|---|---|---|---|

| | | | | | | |
|---|---|---|---|---|---|---|
| ഉദ്ദേശ്യം | | | ബാക്കിയുണ്ടായിരുന്ന തുക | മുതൽ | പലിശ | തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക |
| ഇ.എം.എസ് ഭവന പദ്ധതി | 1317/10 തീ.16.04.10 | 4027500 | 1129600 | 900000 | 334506 | 229600 |

## 4-5 സ്ഥിരനിക്ഷേപങ്ങൾ

ഇല്ല

## 4-6 ഓഡിറ്റ് റിക്കവറി

ഈയിനത്തിൽ തൻവർഷം ലഭിച്ച 31237 രൂപയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| റിപ്പോർട്ട് വർഷം | ഭാഗം/ ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗ പ്പേരും | രശീത് നമ്പർ തിയ്യതി |
|---|---|---|---|---|
| 2013-14 | | 12500 | എൽ.അംബുജം,മെമ്പർ | 11503400010/25.5.15 |
| 2007-08 | | 18737 | പി.പി.മുരളീധരൻ, സെക്രട്ടറി | 11503400010/18.08.15<br>11503400014/25.09.15<br>11503400016/27.11.15<br>11503400017/27.11.15<br>11503400023/16.12.15<br>11563400033/20.2.16 |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടികളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23-വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവയുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു. .

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 1999-00 | 45, 46, 47 | 2002-03 | 5.7.1 | കംപ്യൂട്ടർ സെൻ്റർ പദ്ധതി | വ്യക്തമല്ല |

## 4-8 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 29698310 |

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 37736493 |
| വരവിനങ്ങളിലുള്ള നഷ്ടം | - |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | - |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 1654087 |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-4-1 | 369363 | ശ്രീ. എസ്. രാജഗോപാൽ, സെക്രട്ടറി (കെ.എസ്.ഇ.ബി.യിൽ തുക ഒടുക്കിയത്) ശ്രീമതി ഷോജി ഫിലിപ്പ്, അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ് (മറ്റ് തുകകൾ) |
| 3-6 | 1224724 | പ്രോജക്ടിന്റെ ആരംഭകാലം മുതലുള്ള നിർവഹണോദ്യോഗസ്ഥർ (അസിസ്റ്റന്റ് എൻജിനിയർമാർ) എല്ലാവരുടെയും പേരുവിവരം ലഭ്യമായിട്ടില്ല. (15-16 ൽ ശ്രീ. ജയപ്രകാശ് പി.എൻ. അസിസ്റ്റന്റ് എൻജിനിയർ) |
| 3-7 | 60000 | ഡോ. വിദ്യ എൽ. |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

വ്യക്തമായ നഷ്ടം പ്രതിപാദിച്ചിട്ടില്ല.

## 4-9 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 1997-98 ചെലവ് | എൽ.എഫ്.കെ.പി4-352/2001/17.2.14/3.3.04 |
| 1998-99 | എൽ.എഫ്.കെ.പി4-934/02/31.12.04/5.1.05 |
| 1999-2000 | എൽ.എഫ്.കെ.പി4-1168/01/20.5.2006/30.6.2006 |

| | |
|---|---|
| 1999-00—01-02 പ്ലാൻ കണക്കുകൾ | എൽ.എഫ്.കെ.പി4-817/03/6.4.04/14.5.04 |
| 2000-01 | എൽ.എഫ്.കെ.പി5-1160/07/15.12.08/12.1.09 |
| 2001-02 | എൽ.എഫ്.കെ.പി5-1161/07/15.12.08/9.1.09 |
| 2002-03 | എൽ.എഫ്.കെ.പി5-793/08/9.7.09 |
| 2003-04(വരവ്) | എൽ.എഫ്.കെ.പി5-794/08/23.2.11/അദാ. |
| 2004-05 | എൽ.എഫ്.കെ.പി5-795/08/9.7.09 |
| 2005-06 | എൽ.എഫ്.കെ.പി5-760/09/19.11.09/6.8.10 |
| 2006-07 | എൽ.എഫ്.കെ.പി5-960/അദാ./11 |
| 2007-08 | എൽ.എഫ്.കെ.പി5-519/10/14.5.12 |
| 2008-09 | എൽ.എഫ്.കെ.പി5-520/10/15.5.12 |
| 2009-10,2010-11 | എൽ.എഫ്.കെ.പി5-1143/12/4.5.13 |
| 2011-12,12-13 | കെ.എസ്.എ.കെ.ടി.എം.പി5/1560/15/31.3.16 |
| 2013-14 | എൽ.എഫ്.കെ.പി5-612/2015/3.2.16 |
| 2014-15 | കെ.എസ്.എ.കെ.ടി.എം. പി5/725/16/15.6.16 |

ഡെപ്യൂട്ടി ഡയറക്ടർ
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം 1

### ഓഡിറ്റ് സാക്ഷ്യപത്രം

കെ.എസ്.എ.കെ.ടി.എം പി5/1797/16

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, കോട്ടയം

ഫോൺ : 0482564886

ഇ മെയിൽ : doktm.ksad@kerala.gov.in

തീയതി: 15.12.16

1994ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിലെ നാലാം വകുപ്പ്, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിന്റെ 215-ാം വകുപ്പ് എന്നിവ അനുസരിച്ചും പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനുവേണ്ടി കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ നിർദേശിച്ച ഓഡിറ്റിങ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും കോട്ടയം ജില്ലയിലെ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 വർഷത്തെ വാർഷികധനകാര്യസ്റ്റേറ്റ്മെന്റ് പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വെള്ളാവൂർ ഗ്രാമപഞ്ചായത്തിന്റെ 2015-16 ലെ വാർഷികധനകാര്യപത്രിക, വരവുചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ